# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ എൽ.പി.530/2022/23.05.2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 05/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്(എയിംസ് മുഖേന)
എഡിസി(ജനറൽ), ആലപ്പുഴ
ഓഫീസ് കോപ്പി.

നമ്പർ: കെ.എസ്.എ എൽ.പി.530/2022/23.05.2022 തീയ്യതി: 05/07/2022

## ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-07-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഹരികുമാർ . ജി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-04-2022 | 19-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-04-2022 | 19-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീദേവി.പി, ഓഡിറ്റ് ഓഫീസർ

ശ്രീ.പുഷ്പരാജ്.വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.എ.ഡി.ബീന, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മണി പ്രഭാകരൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി.സലില.എസ്സ്. | സെക്രട്ടറി | 01-04-2019 | 25-09-2019 |
| ശ്രീ.അജയകുമാർ.എസ്സ്. | സെക്രട്ടറി | 25-09-2019 | 04-11-2019 |
| ശ്രീമതി.സലില.എസ്സ്. | സെക്രട്ടറി | 04-11-2019 | 31-12-2019 |
| ശ്രീ.മധുസൂദനൻ.എസ്സ്.(ഇൻ-ചാർജ്ജ്) | സെക്രട്ടറി | 01-01-2020 | 05-01-2020 |
| ശ്രീ.മോനിഷ്.വി.ആർ | സെക്രട്ടറി | 06-01-2020 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുന്ദർലാൽ | അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ | 01-04-2019 | 19-09-2019 |
| ശ്രീമതി.ഷംല.എം.എസ്സ് | അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ | 19-09-2019 | 31-03-2020 |
| ശ്രീമതി.അഞ്ജു ജോർജ്ജ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 16-07-2019 |
| ശ്രീമതി.സുഹാസിനി.പി.കെ | അസിസ്റ്റന്റ് എഞ്ചിനീയർ ( ചാർജ്ജ്) | 17-07-2019 | 23-07-2019 |
| ശ്രീമതി.സലീക്ഷ്യ സജിനി.കെ.എ | അസിസ്റ്റന്റ് എഞ്ചിനീയർ | 24-07-2019 | 31-03-2020 |
| ഡോ.ശില്പ.യു.ജെ | സിഡിപിഒ | 01-04-2019 | 23-09-2019 |
| ശ്രീമതി.സോയ സദാനന്ദൻ | സിഡിപിഒ | 23-09-2019 | 11-11-2019 |
| ഡോ.ശില്പ.യു.ജെ | സിഡിപിഒ | 11-11-2019 | 16-12-2019 |
| ശ്രീമതി..സുധാലക്ഷ്മി.ആർ | സിഡിപിഒ | 16-12-2019 | 28-12-2019 |
| ഡോ.ശില്പ.യു.ജെ | സിഡിപിഒ | 28-12-2019 | 31-03-2020 |
| ഡോ.റൂബി | മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ശാന്തി.ആർ.പൈ | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി സുസ്മിത .എൽ | ക്ഷീര വികസന ഓഫീസർ | 01-04-2019 | 26-08-2019 |
| ശ്രീമതി.ആശ.ബി | ക്ഷീര വികസന ഓഫീസർ | 27-08-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി . ജയശ്രീ.ആർ | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-07-2019 |
| ശ്രീ. ബിനീഷ് കെ | പട്ടികജാതി വികസന ഓഫീസർ | 01-08-2019 | 17-10-2019 |
| ശ്രീമതി .സിന്ധു പി ഐ | പട്ടികജാതി വികസന ഓഫീസർ | 18-10-2019 | 31-03-2020 |
| ശ്രീമതി.ചിത്ര.ടി | കൃഷി അസ്സി. ഡയറക്ടർ | 01-04-2019 | 27-06-2019 |
| ശ്രീമതി.ഇന്ദു.ബി | കൃഷി അസ്സി. ഡയറക്ടർ,(ഇൻ ചാർജ്ജ്) | 27-06-2019 | 31-07-2019 |
| ശ്രീമതി.ചിത്ര.ടി | കൃഷി അസ്സി. ഡയറക്ടർ | 01-08-2019 | 23-08-2019 |
| ശ്രീമതി.ഇന്ദു.ബി | കൃഷി അസ്സി. ഡയറക്ടർ,(ഇൻ ചാർജ്ജ്) | 24-08-2019 | 30-10-2019 |
| ശ്രീമതി.റേച്ചൽ സോഫിയ അലക്സാണ്ടർ | കൃഷി അസ്സി. ഡയറക്ടർ | 31-10-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P. Sreedevi (Audit Officer, On 20-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: P. Sreedevi (Audit Officer, On 20-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 04-05-2022) | 1-2 |
| 3 | വാർഷികകണക്കിലെ അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 19-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: P. Sreedevi (Audit Officer, On 20-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-05-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം(എസിആർ പ്രകാരം)<br>Written By: P. Sreedevi (Audit Officer, On 20-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-05-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: P. Sreedevi (Audit Officer, On 20-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-05-2022) | 1-5 |
| 7 | ആഭ്യന്തരനിയന്ത്രണം<br>Written By: P. Sreedevi (Audit Officer, On 20-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-05-2022) | 1-6 |
| 8 | പത്ര പരസ്യങ്ങൾ- ട്രേഡ് ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല<br>Written By: A.D.Beena (Asst. Audit Officer, On 19-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-05-2022) | 1-7 |
| 9 | ബാരൽ വില ഈടാക്കിയില്ല<br>Written By: Pushparaj V.K (Asst. Audit Officer, On 27-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-05-2022) | 1-8 |
| 10 | പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി-ഗുണഭോക്താക്കളുടെ അക്കൌണ്ടിലേയ്ക്ക് തുക ലഭിച്ചില്ല<br>Written By: Pushparaj V.K (Asst. Audit Officer, On 27-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-05-2022) | 1-9 |
| 11 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: P. Sreedevi (Audit Officer, On 20-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-05-2022) | 1-10 |
| 12 | കരാർ തുകയെ അടിസ്ഥാനപ്പെടുത്തി ഫൈൻ ഈടാക്കിയില്ല<br>Written By: Pushparaj V.K (Asst. Audit Officer, On 27-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 02-06-2022) | 1-11 |
| 13 | റിവോൾവിംഗ് ഫണ്ട് തിരികെ ലഭ്യമാക്കിയില്ല<br>Written By: P. Sreedevi (Audit Officer, On 20-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 24-05-2022) | 1-12 |
| 14 | മരുന്നുകൾ ലഭ്യമാക്കിയില്ല<br>Written By: P. Sreedevi (Audit Officer, On 20-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-05-2022) | 1-13 |
| 15 | പഠനമുറി പൂർത്തിയാക്കിയില്ല<br>Written By: P. Sreedevi (Audit Officer, On 21-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-05-2022) | 1-14 |
| 16 | പരമ്പരാഗത കയർ മേഖല- ചകിരി വാങ്ങുന്നതിന് ഒറ്റത്തവണ ധനസഹായം<br>Written By: A.D.Beena (Asst. Audit Officer, On 18-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 24-05-2022) | 1-15 |

| | | |
|---|---|---|
| 17 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന പഠിതാക്കൾക്കുള്ള സ്കോളർഷിപ്പ്- തുക പൂർണ്ണമായും വിനിയോഗിച്ചില്ല<br>Written By: A.D.Beena (Asst. Audit Officer, On 19-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 24-05-2022) | 1-16 |
| 18 | പാടശേഖരങ്ങൾക്ക് പെട്ടി പറ ലഭ്യമാക്കൽ- ഗുണഭോക്തൃ വിഹിതം ചെലവഴിച്ച വിവരം സുലേഖ പ്ലാൻ എക്സ്പെന്റീച്ചറിൽ ഉൾപ്പെട്ടിട്ടില്ല<br>Written By: Pushparaj V.K (Asst. Audit Officer, On 27-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-05-2022) | 1-17 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കരാർ തുകയെ അടിസ്ഥാനപ്പെടുത്തി ഫൈൻ ഈടാക്കിയിട്ടില്ല<br>Written By: A.D.Beena (Asst. Audit Officer, On 04-05-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-05-2022) | 3-1 |
| 2 | പത്ര പരസ്യങ്ങൾ -ട്രേഡ് ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല<br>Written By: A.D.Beena (Asst. Audit Officer, On 04-05-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-05-2022) | 3-2 |
| 3 | ബാരൽ വില ഈടാക്കിയില്ല<br>Written By: A.D.Beena (Asst. Audit Officer, On 04-05-2022)<br>Last Updated By: P. Sreedevi (Audit Officer, On 24-05-2022) | 3-3 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: A.D.Beena (Asst. Audit Officer, On 21-04-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 21-04-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: A.D.Beena (Asst. Audit Officer, On 21-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: A.D.Beena (Asst. Audit Officer, On 21-04-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 21-04-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: A.D.Beena (Asst. Audit Officer, On 21-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-05-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: A.D.Beena (Asst. Audit Officer, On 21-04-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 21-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: A.D.Beena (Asst. Audit Officer, On 21-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 24-05-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: A.D.Beena (Asst. Audit Officer, On 21-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-05-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: A.D.Beena (Asst. Audit Officer, On 21-04-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 21-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: A.D.Beena (Asst. Audit Officer, On 21-04-2022)<br>Last Updated By: Lakshmikanth P (Auditor, On 05-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: A.D.Beena (Asst. Audit Officer, On 21-04-2022)<br>Last Updated By: Lakshmikanth P (Auditor, On 05-07-2022) | 4-10 |
| അനുബന്ധം | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 25.02.2019 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 99,62,54,000 | 94,64,41,000 |
| വാർഷിക കണക്ക് പ്രകാരം | 6,09,78,530 | 5,76,78,981 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.07.2020 | 25.05.2020 |

## 1-2-1 വാർഷികകണക്കിലെ അപാകതകൾ

വാർഷിക കണക്കിലെ പരിശോധനയിൽ കണ്ട അപാകതകളും ആയതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 3/19-20 തീയതി 8.4.22)ലഭ്യമാക്കിയ മറുപടിയും ചുവടെ കൊടുക്കുന്നു.

1) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം Beneficiary Contribution ഇനത്തിൽ 6,16,418/-രൂപ നിലനിൽക്കുന്നു. ആയത് 2017-18 കാലയളവിൽ ചെലവഴിച്ചതും എന്നാൽ വാർഷിക കണക്കിലെ ബാധ്യതയിൽ നിന്നും കുറവ് ചെയ്യാൻ വിട്ടുപോയതുമാണ്. ആയതിനാൽ 2021-22 വാർഷിക കണക്കിൽപ്പെടുത്തി പ്രസ്തുത തുക കുറവ് വരുത്തി ക്രമീകരിക്കുന്നതാണെന്ന് മറുപടി നൽകി.

2) ബി4 ഷെഡ്യൂളിൽ ചുവടെ ചേർക്കുന്ന തുകകൾ മുൻവർഷത്തെ നീക്കിയിരിപ്പ് തന്നെ തുടരുന്നു. പ്രസ്തുത തുകകളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

| Sl. No | Particulars | Current Year Amount |
|---|---|---|
| A | Centrally Sponsored Scheme-Integrated Waste Land Development Programe(IWDP)-Hariyali | 37,145 |
| B | Grants From Suchitwa Mission | 9,27,013 |
| C | Contributions For Joint Venture Projects(for Revenue Expenditure)-from Village Panchayats | 90,860 |

A) ഹരിയാലി(IWDP)യിലെ നീക്കിയിരുപ്പ് തുകയായ 37,145/- രൂപ 2012-13 സാമ്പത്തികവർഷം ലഭിച്ച 36,39,585/-രൂപ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച സമയത്ത് പലിശയിനത്തിൽ ലഭിച്ച തുകയാണ്. ആയതിൽ 36,39,487/-രൂപ ചെലവായതാണ്. 37,145/- രൂപ സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതാണെന്ന് മറുപടി നൽകി.

B) 9,27,013/- രൂപ 2014-15ൽ ശുചിത്വമിഷനിൽ നിന്നും ലഭിച്ച തുകയാണ്. പ്രസ്തുത തുകയിൽ നിന്നും ഇനിയും ചെലവ് പ്രതീക്ഷിക്കുന്നു എന്ന് മറുപടി നൽകി.

C) 90,860/-രൂപ IAY ബാങ്ക് അക്കൗണ്ടിൽ പലിശയിനത്തിൽ ലഭിച്ച തുകയാണെന്ന് മറുപടി നൽകി.

3) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)റൂൾസ് 2011,പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട താഴെ ചേർക്കുന്നവ 2019-20 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

എ) റൂൾ 62(2)(ഇ) പ്രകാരം, അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ-പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാദ്ധ്യതകൾ,ധനസഹായ റിപ്പോർട്ടുകൾ,മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ

ബി) റൂൾ 62(2)(എഫ്)പ്രകാരം, അടിസ്ഥാന അനുപാതങ്ങൾ-അക്കൗണ്ട് മാനുവലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ

സി) റൂൾ 62(3) പ്രകാരം, ഈ ചട്ടങ്ങൾ ബാധകമാക്കുന്ന ആദ്യ വർഷത്തിലൊഴികെ എല്ലാ വർഷങ്ങളിലും മുൻവർഷത്തെ താരതമ്യതുകകൾ രേഖപ്പെടുത്തിയിട്ടില്ല.

തുടർന്നുള്ള വർഷങ്ങളിൽ മേൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി നൽകി.

4) Punjab National Bank IAY Aroor ന്റെ അക്കൗണ്ടിൽ 2,21,09,476/- രൂപ നീക്കിയിരുപ്പ് ഉണ്ട്. നിർദ്ദേശം ലഭിക്കുന്ന

മുറയ്ക്ക് സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതാണെന്ന് മറുപടി നൽകി.

5) RP-32പ്രകാരമുള്ള ലോൺവിവരങ്ങൾ കാണിക്കുന്ന ലോൺരജിസ്റ്റർ, രേഖകൾ,വാർഷിക കണക്കിൽ കാണിച്ചിട്ടുള്ള ഡെപ്പോസിറ്റ് (ബി7) വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ/രജിസ്റ്ററുകൾ ഹാജരാക്കിയില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ പുതിയ കെട്ടിടം പണിയുമായി ബന്ധപ്പെട്ട് ഫയലുകൾ നീക്കം ചെയ്തപ്പോൾ Misplace ആയതാണെന്നും, ആയവ കണ്ടെത്തി പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി നൽകി.

6) താഴെ ചേർക്കുന്ന ഫണ്ടിനങ്ങളുടെ ചെലവിൽ വ്യത്യാസം നിലനിൽക്കുന്നു.

| ഫണ്ട് | വാർഷിക കണക്ക് (RP-7)പ്രകാരം | ACR പ്രകാരം | സുലേഖ ചെലവ് പത്രിക പ്രകാരം |
|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 3,42,68,334 | 3,42,69,834 | 3,42,69,834 |
| വികസനഫണ്ട് (എസ്.സി.പി) | 1,32,97,348 | 1,33,97,348 | 1,33,97,348 |

വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,98,86,834.00 |
| വരവ് | 5,89,66,420.00 |
| ആകെ | 9,88,53,254.00 |
| ചെലവ് | 6,34,25,453.00 |
| നീക്കിയിരിപ്പ് | 3,54,27,801.00 |

## 1-4 ഫണ്ട് വിനിയോഗം(എസിആർ പ്രകാരം)

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്(ജനറൽ) | | 5,16,34,000 | 5,16,34,000 | 3,42,69,834 | 1,73,64,166 |
| എസ്.സി. പി | | 2,01,42,000 | 2,01,42,000 | 1,33,97,348 | 67,44,652 |
| ടി.എസ്.പി | | 6,20,000 | 6,20,000 | 4,90,400 | 1,29,600 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | | 67,48,000 | 67,48,000 | 30,26,274 | 37,21,726 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 87 | 7,91,44,000 | 47 | 5,11,83,856 | 6 | 34 | 64.67 |

## 1-6 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ബ്ലോക്ക് പഞ്ചായത്തിന്റെ തനതു ഫണ്ട് വൗച്ചറുകൾ കൃത്യമായി നമ്പരിട്ട് സൂക്ഷിക്കുന്നില്ല. പല വൗച്ചറുകളും പ്രസിഡന്റ് സാക്ഷ്യപ്പെടുത്തുന്നില്ല.
2. ബ്ലോക്ക് പഞ്ചായത്തിൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ കൃത്യമായി ഉൾപ്പെടുത്തുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നത് നിയമാനുസൃത നടപടിയിലൂടെയല്ല.
3. ക്യാഷ് കൈകാര്യം ചെയ്യുന്ന വിഭാഗത്തിലേക്ക് മറ്റുള്ളവരുടെ പ്രവേശനം നിയന്ത്രിക്കുന്നതിനുള്ള സംവിധാനമില്ല.

4. ബ്ലോക്ക് പഞ്ചായത്തിൽ പണം സൂക്ഷിപ്പിക്കുന്നതിന് ഇൻഷ്വറൻസ് കവറേജില്ല.
5. ബ്ലോക്ക് പഞ്ചായത്തിലെ പ്രധാന രജിസ്റ്ററുകളായ ബിൽ രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
6. വരവിനങ്ങളുടെ വാർഷിക ഡി.സി.ബി. തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
7. വാടകരജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും അതിൽ വിവരങ്ങൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

അപാകതകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 പത്ര പരസ്യങ്ങൾ- ട്രേഡ് ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ട്രേഡ് ഡിസ്കൗണ്ട് അനുവദിക്കണം. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ച് കൊണ്ടുള്ള 08.12.2015-ലെ ജി.ഒ(പി)നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിലും സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2019-20 വർഷത്തെ ജനറൽ പർപ്പസ് ഫണ്ട് വൗച്ചർ പരിശോധിച്ചതിൽ വിവിധ ദിനപ്പത്രങ്ങളിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ നല്കിയ തുകകളിൽ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പത്രസ്ഥാപനം | സ്ഥാപനത്തിൽ നിന്നുള്ള ബിൽ നം./തീയതി | ബിൽ തുക | അർഹമായ ഡിസ്കൗണ്ട് (15%) | ചെക്ക്നം./ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| കേരളകൗമുദി | BLALP00064530/7.3.19 | 4579 | 687 | 276646/16.5.19 | - |
| കേരളകൗമുദി | BLALP00064531/7.3.19 | 4579 | 687 | 276646/16.5.19 | - |
| കേരളകൗമുദി | BLALP00064246/2.2.19 | 6105 | 916 | 276640/13.5.19 | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, തുറവൂരിന് നൽകിയ തുക |
| കേരളകൗമുദി | BLALP00065775/9.7.19 | 4779 | 717 | 2766834/14.10.19 | - |
| കേരളകൗമുദി | BLALP00065721/3.7.19 | 4779 | 717 | 2766834/14.10.19 | - |
| കേരളകൗമുദി | BLALP00065528/19.6.19 | 4779 | 717 | 2766834/14.10.19 | - |
| കേരളകൗമുദി | BLALP00066593/20.9.19 | 4779 | 717 | 2766834/14.10.19 | - |
| കേരളകൗമുദി | BLALP00066228/15.8.19 | 4779 | 717 | 2766869/29.12.19 | - |
| | ആകെ | | 5,875/-രൂപ | | |

അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം 5,875/-രൂപയുടെ അധികചെലവ് ഉണ്ടായതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(7/16.4.22),അധികം നൽകിയ തുക തിരികെ ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. 5,875/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 1-8 ബാരൽ വില ഈടാക്കിയില്ല

2019-20 സാമ്പത്തിക വർഷം പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഫൈനൽ ബിൽ നല്കിയ താഴെപ്പറയുന്ന മരാമത്ത് വേലയിൽ നിന്നും ബാരൽ വില കുറവ് ചെയ്തതായി കാണുന്നില്ല. എസ്റ്റിമേറ്റിൽ ടാർ ഉപയോഗിച്ച ഇനങ്ങൾക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്കാണ് നല്കിയിരിക്കുന്നത്. കൂടാതെ കോൺട്രാക്റ്റർ ഹാജരാക്കിയ ടാർബില്ലും ഇത് ശരിവെക്കുന്നു. 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് സെക്ഷൻ.II റേറ്റ് ഓഫ് മെറ്റീരിയൽ ക്രമ നം. 600 പ്രകാരം Empty Steel Drum Of 450mm Dia 1.2m High-ന്റെ വില 238/- രൂപയാണെന്ന് കാണുന്നു. പ്രവർത്തിക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്ക് നല്കിയതിനാൽ ഉപയോഗിച്ച ടാറിന്റെ ബാരൽ വിലയിനത്തിൽ ബാരലൊന്നിന് 238/-രൂപയും 18% ജി.എസ്.ടിയും ഉൾപ്പെടെ ആകെ 281/-രൂപ ഈടാക്കേണ്ടതായിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | കോൺട്രാക്ടറുടെ പേര് | ഈടാക്കേണ്ടിയിരുന്ന തുക | ചെലവ് ട്രഷറി ബിൽ നം. /തീയതി/ തുക |
|---|---|---|---|
| 71/2020 വയലാർ പഞ്ചായത്ത് വാർഡ്-3 മേക്കട ഈരേതുരുത്ത് പുതുവൽ നികർത്ത് മെറ്റലിംഗ് ടാറിംഗ് | പ്രവീണ രതീഷ് | 2,529/-രൂപ (9ബാരൽx281) | 4,91,415 (1.ട്രഷറി ബിൽ നം.6 തീ.29.05.2020- 4,18,133/-രൂപ |

| | | | |
|---|---|---|---|
| | | | 2.ട്രഷറി ബിൽ നം.12 തീ.12.02.2020-73,282/-(രൂപ) |

മേൽ പ്രവർത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കാതിരുന്നതു മൂലം 2,529/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13 തീ.19.04.2022)മറുപടി ലഭ്യമാക്കിയില്ല. ടി തുക കരാറുകാരിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-9 പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി-ഗുണഭോക്താക്കളുടെ അക്കൌണ്ടിലേയ്ക്ക് തുക ലഭിച്ചില്ല

പ്രോജക്റ്റിന്റെ പേര് : പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി

പ്രോജക്റ്റ് നം. : 4

അടങ്കൽ : വികസന ഫണ്ട്- 1,70,000/-

ചെലവ് : 1,70,000/- (ട്രഷറി ബിൽ നം.5 തീ.13.03.2020-1,70,000/-രൂപ)
നിർവ്വഹണം : അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ

പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിൽ 2019-20സാമ്പത്തിക വർഷം പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി എന്ന പദ്ധതി പ്രകാരം സബ്സിഡിയിനത്തിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക നല്കുന്നതിനായി ട്രഷറിയിൽ ബിൽ നല്കിയിരുന്നു. എന്നാൽ ട്രഷറിയിൽ നിന്നുള്ള യുണീക് ട്രാൻസാക്ഷൻ റഫറൻസ് (യു.റ്റി.ആർ) നമ്പർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൌണ്ടുകളിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | യു.റ്റി.ആർ നം. | തുക |
|---|---|---|---|
| 1 | ആൻസി എം.ആന്ത്രപ്പേർ | U000000770001500 | 850 |
| 2 | ഗോപാലകൃഷ്ണൻ കെ. | U000000770001418 | 850 |
| 3 | മണിയപ്പൻ | U000000770001414 | 850 |
| 4 | ശ്രേയ ജെ.എൽ.ജി | U000000770001560 | 3,400 |
| 5 | സുഗന്ധി | U000000770001550 | 3,400 |
| | | ആകെ | 9,350 |

"പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി എന്ന പദ്ധതി പ്രകാരംസബ്സിഡിയിനത്തിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക നല്കുന്നതിനായി ട്രഷറിയിൽ ബിൽ നല്കിയിരുന്നു. എന്നാൽ ടി തുക ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൌണ്ടുകളിലേയ്ക്ക് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് അറിയുന്നത് സൂചന ഓഡിറ്റ് എൻക്വയറി(നം.2/08.04.2022) ലഭ്യമായതിന ശേഷം മാത്രമാണ്. ഈ ഗുണഭോക്താക്കളാരും തന്നെ തുക ലഭ്യമാകാതിരുന്നതു സംബന്ധിച്ച് ഓഫീസിൽ അറിയിച്ചിരുന്നില്ല. ആയതിനാലാണ് ഇത് പരിഹരിക്കാൻ കഴിയാതെ പോയതെന്നും അറിയിച്ചു".

ട്രഷറി ഡയറക്ടറുടെ 08.12.2021-ലെ 22-ാം നമ്പർ (നം.TRY/1209/2020/E1) സർക്കുലറിൽ ട്രഷറിയിൽ നിന്നും ബിൽ മുഖാന്തിരം മാറുന്ന തുകകൾ സാങ്കേതിക തകരാർ മൂലം അക്കൌണ്ടുകളിലേയ്ക്ക് ക്രഡിറ്റ് ചെയ്യപ്പെടാത്ത സാഹചര്യത്തിൽ പ്രസ്തുത തുക സസ്പെൻസ് അക്കൌണ്ടിലേയ്ക്ക് നീക്കപ്പെടുകയും നിശ്ചിത കാലയളവിന് ശേഷം അതത് ശീർഷകത്തിലേയ്ക്ക് തിരികെ ക്രഡിറ്റ് ചെയ്യുകയും ചെയ്യുന്നതാണെന്ന് പറഞ്ഞിരിക്കുന്നു. ഇത്തരത്തിൽ മേൽ ബില്ലുകൾ പ്രകാരം മാറിയ തുകകളിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് ക്രഡിറ്റ് ചെയ്യപ്പെടാതിരുന്ന തുക അതത് ഹെഡ് ഓഫ് അക്കൌണ്ടിലേയ്ക്ക് തിരികെ പോയിട്ടുള്ളതിനാൽ ഗുണഭോക്താക്കൾക്ക് ലഭ്യമാവാനുള്ള സാഹചര്യമില്ലായെന്ന് കാണുന്നു. ഭാവിയിൽ ഇത്തരത്തിൽ സാങ്കേതിക തകരാർ മൂലം അക്കൌണ്ടുകളിലേയ്ക്ക് ക്രഡിറ്റ് ചെയ്യപ്പെടാതെ വരുന്ന തുകകൾ യഥാസമയം ട്രഷറി അധികാരികളെ അറിയിച്ച് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

2019-20 സാമ്പത്തികവർഷം സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച ധനവിനിയോഗസാക്ഷ്യപത്രങ്ങൾ ഓഡിറ്റ് അന്വേഷണം 9/18.04.22 പ്രകാരം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. ആയതിനാൽ ടി രേഖകൾ ഹാജരാക്കുന്നതുവരെ പ്രസ്തുത പദ്ധതികൾക്കായി നടത്തിയ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്റ്റ് നമ്പർ/പേര് | അടങ്കൽ | ചെലവ് | തടസ്സപ്പെടുത്തിയ തുക |
|---|---|---|---|
| സാമൂഹ്യസുരക്ഷാമിഷനു ധനസഹായം (പ്രോജക്റ്റ് നം. 17/20)) | 10,00,000 (വി.ഫ -ജന) | 10,00,000 (ബിൽ നം. 17/19-20/23.07.19 | 10,00,000 |
| ഐ.കെ.എം- ന് പ്രവർത്തനഫണ്ട് നൽകൽ. (നം. S0010/20 | 75,000 (വി.ഫ.ജന) | 72,396 ബിൽ നം.17/19-20. /17.7.19 | 72,396 |

| | | | |
|---|---|---|---|
| പുത്തൻ തോടിന് ആഴം കൂട്ടുന്നതിനായി വയലാർ പഞ്ചായത്തിന് വിഹിതം നൽകൽ. (പ്രോജക്ട് നം.66/20) | 3,00,000 (വി.ഫ -ജന) | 3,00,000(ബിൽ നം. 45/19-20/17.08.19) | 3,00,000 |

## 1-11 കരാർ തുകയെ അടിസ്ഥാനപ്പെടുത്തി ഫൈൻ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ റിവൈസ്ഡ് എഡിഷൻ 2012- (Revised As Per G.O.(P)No.13/2012/PWD Dated 01.02.2012) സെക്ഷൻ 2112.1 പ്രകാരം കരാറുകാരന്റെ ഭാഗത്തുള്ള വീഴ്ച മൂലം മരാമത്ത് പ്രവർത്തികൾ യഥാസമയം പൂർത്തീകരിക്കാനാവാതെ വരികയാണെങ്കിൽ ആദ്യ ദീർഘിപ്പിക്കലിന് കരാർ തുകയുടെ 1% പിഴ ചുമത്തിക്കൊണ്ടും പിന്നീട് വരുന്ന ദീർഘിപ്പിക്കലിന് കരാർ തുകയുടെ 2% പിഴ ചുമത്തിക്കൊണ്ടും കാലാവധി നീട്ടി കൊടുക്കാം" എന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ അനുവദിക്കപ്പെട്ട സമയത്തിനകം പ്രവർത്തി പൂർത്തികരിക്കാതിരുന്ന താഴെപ്പറയുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയത് കരാർ തുകയെ അടിസ്ഥാനപ്പെടുത്തിയല്ലായെന്ന് കാണുന്നു. തന്മൂലം ബ്ലോക്ക് പഞ്ചായത്തിന് 807/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | : 71/2020 |
| പ്രോജക്ടിന്റെ പേര് | : വയലാർ പഞ്ചായത്ത് വാർഡ്-3 മേക്കട ഈരേഴുരുത്ത് പുതുവൽ നികർത്ത് മെറ്റലിംഗും ടാറിംഗും |
| നിർവ്വഹണം | : അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : പ്രവീണ രതീഷ് |
| പി.എ.സി | : 4,98,831/- രൂപ |
| ചെലവ് | : 4,91,415<br>(1.ട്രഷറി ബിൽ നം.6 തീ.29.05.2019-4,18,133/-രൂപ<br>2.ട്രഷറി ബിൽ നം.12 തീ.12.02.2020-73,282/-രൂപ) |
| എം.ബുക്ക് നം | : 11/18-19 |
| എഗ്രിമെന്റ് നം. | : 9/എ.ഇ/എൽ.എസ്.ജി.ഡി/പി.കെ.ഡി/18-19 തീ.17.10.2018 |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ (1%) | : 498831x1%= 4,988/-രൂപ |
| ഈടാക്കിയ ഫൈൻ | 4,181 |
| കുറവ് | 807 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12 തീ.19.04.2022) മറുപടി ലഭ്യമാക്കിയില്ല. നഷ്ടമായ തുക കരാറുകാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തുക കരാറുകാരിൽ നിന്നും ഈടാക്കാൻ കഴിയാത്ത പക്ഷം ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-12 റിവോൾവിംഗ് ഫണ്ട് തിരികെ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | മൽസ്യത്തൊഴിലാളികൾക്ക് റിവോൾവിംഗ് ഫണ്ട്.(പ്രോജക്ട് നം. S0013/20) |
| അടങ്കൽ | 19,20,000 (വി.ഫ.ജന) |
| ചെലവ് | 3,96,000 |
| ബിൽ നം./തീയതി. | തുക |
| 74/19-20/19.12.19 | 36,000 |
| 61/19-20/20.09.19 | 2,19,000 |
| 105/19-20/23.3.20 | 30,000 |
| 107/19-20/23.03.20 | 42,000 |
| 111/19-20/23.03.20 | 9,000 |
| 1114/19-20/31.03.20 | 60,000 |
| നിർവ്വഹണം | സെക്രട്ടറി |

മൽസ്യസഹകരണസംഘങ്ങളിലെ അംഗങ്ങൾക്ക് 3,000 രൂപ നിരക്കിൽ റിവോൾവിംഗ് ഫണ്ട് നൽകിയ

പദ്ധതിനടത്തിപ്പിനായി 19-20 സാമ്പത്തികവർഷം ആകെ മേൽ സൂചിപ്പിച്ച പ്രകാരം 3,96,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും റിവോൾവിംഗ് ഫണ്ട് നൽകിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1. വയലാർ-ചേർത്തല ഉൾനാടൻ മൽസ്യത്തൊഴിലാളി സംഘത്തിലെ 105 മൽസ്യത്തൊഴിലാളികൾക്ക് 3,000 രൂപ വീതം 3,15,000 രൂപ.

2. അഴീക്കൽ മൽസ്യത്തൊഴിലാളി സംഘത്തിലെ 398 മൽസ്യത്തൊഴിലാളികൾക്ക് 3,000 രൂപ വീതം 11,94,000 രൂപ.

3. കോടംതുരുത്ത് ഗ്രാമപഞ്ചായത്തിലെ ഉൾനാടൻ മൽസ്യത്തൊഴിലാളി സംഘത്തിലെ 30 മൽസ്യത്തൊഴിലാളികൾക്ക് 3,000 രൂപ വീതം 90,000 രൂപ.

4. അരൂർ-എഴുപുന്ന ഉൾനാടൻ മൽസ്യത്തൊഴിലാളി സംഘത്തിലെ 32 മൽസ്യത്തൊഴിലാളികൾക്ക് 3,000 രൂപ വീതം 96,000 രൂപ.

5. തുറവൂർ വടക്ക് ഉൾനാടൻ മൽസ്യത്തൊഴിലാളി സംഘത്തിലെ 37 മൽസ്യത്തൊഴിലാളികൾക്ക് 3,000 രൂപ വീതം 1,11,000രൂപ.

ആകെ 602 മൽസ്യത്തൊഴിലാളികൾക്ക് ആനുകൂല്യം നൽകിയ പദ്ധതി പ്രകാരം ആകെ 18,06,000 രൂപയുടെ ബിൽ സമർപ്പിച്ചുവെങ്കിലും 14,10,000 രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയതിനാൽ 20-21 സാമ്പത്തികവർഷമാണ് ടി. തുക ചെലവു ചെയ്തിരിക്കുന്നത്.

ടി പദ്ധതിപ്രകാരം വിതരണം നടത്തിയ റിവോൾവിംഗ് ഫണ്ട് തിരികെ സെക്രട്ടറിയുടെ ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയതിന്റെ രേഖകളും വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അവ ലഭ്യമാക്കുവാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/19.04.22) ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് പ്രതിസന്ധി മൂലം തുക തിരികെ ഒടുക്കുവാൻ മൽസ്യത്തൊഴിലാളി സംഘം സെക്രട്ടറിമാർ സാവകാശം ആവശ്യപ്പെട്ടതായി രേഖപ്പെടുത്തിയിരിക്കുന്നു. പ്രതിമാസം 100 രൂപ വീതം 30 മാസം കൊണ്ട് തിരികെ ഒടുക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് മൽസ്യത്തൊഴിലാളി സംഘം സെക്രട്ടറിമാർക്ക് കത്തയച്ചിട്ടുണ്ടെങ്കിലും നാളിതുവരെ തുക തിരികെ ഒടുക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത പദ്ധതി നടത്തിപ്പിനായി 19-20 സാമ്പത്തികവർഷം പിൻവലിച്ച 3,96,000 രൂപ സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് തിരികെ ഒടുക്കി ആയതിന്റെ രേഖകൾ ഹാജരാക്കുന്നതുവരെ ടി തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-13 മരുന്നുകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ | താലൂക്ക് ആശുപത്രിക്ക് മരുന്നും മറ്റു വസ്തുക്കളും വാങ്ങൽ(പ്രോജക്ട് നം.S0024/20) |
| അടങ്കൽ | 10,00,000 (മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ചെലവ് | 9,99,999 |
| ബിൽ നം./തീയതി | തുക |
| 29/19-20/21.01.20 | 4,87,200(nipro-ഡയാലിസിസ് മെഷീൻ) |
| 35/19-20/19.02.20 | 4,00,759 (KMSCL) |
| 36/19-20/19.02.20 | 1,12,040 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |

പദ്ധതി പ്രകാരം താലൂക്ക് ആശുപത്രിക്ക് മരുന്നുകൾ വാങ്ങുന്നതിന് 35/19-20/19.02.20, 36/19-20/19.02.20 എന്നീ ബില്ലുകൾ പ്രകാരം ആകെ 5,12,799 രൂപ കെ.എം.എസ്.സി.എൽ- ന് നൽകിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ആകെ 4,79,383 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത് എന്നു കാണുന്നു. 2019-20 സാമ്പത്തികവർഷം തുക നൽകിയിട്ടും ഓർഡർ ചെയ്ത മരുന്നുകൾ നാളിതുവരെ ലഭ്യമാക്കാത്തത് അംഗീകരിക്കാവുന്നതല്ല. തുക മുൻകൂർ നൽകുന്നതിനു മുൻപായി ആവശ്യമായ മരുന്നുകൾ ടി സ്ഥാപനത്തിൽ സ്റ്റോക്കുണ്ടോ എന്ന് അന്വേഷിക്കാവുന്നതും സ്റ്റോക്കില്ലാത്ത പക്ഷം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി ടി. മരുന്നുകൾ മറ്റ് സർക്കാർ ഏജൻസികളിൽ നിന്ന് വാങ്ങുവാൻ തീരുമാനമെടുക്കാവുന്നതാണ്. അപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയാണെങ്കിൽ ദുരിതമനുഭവിക്കുന്ന രോഗികൾക്ക് ആവശ്യമായ മരുന്നുകൾ യഥാസമയം ലഭ്യമാക്കാൻ

സാധിക്കുന്നതാണ്. അടിയന്തിരപ്രാധാന്യമുള്ള ചികിൽസാപദ്ധതികൾക്കുവേണ്ടി ചെലവഴിക്കാൻ അനുവദിച്ച പദ്ധതിപ്പണം കെ.എം.എസ്.സി.എൽ എന്ന സ്ഥാപനത്തിനു നൽകിയതിന്റെ അടുത്ത സാമ്പത്തികവർഷം കഴിഞ്ഞിട്ടും മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കാത്ത സാഹചര്യത്തിൽ ലഭിക്കാൻ ബാക്കിയുള്ള 33,416 രൂപയുടെ മരുന്നുകൾ ലഭ്യമാക്കി ആയതിന്റെ സ്റ്റോക്ക് വിവരങ്ങൾ, മറ്റ് രേഖകൾ എന്നിവ ഹാജരാക്കുന്നതുവരെ 33,416 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-14 പഠനമുറി പൂർത്തിയാക്കിയില്ല

2018-19 സാമ്പത്തികവർഷം തുടങ്ങിയ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താവ് പഠനമുറി പൂർത്തിയാക്കില്ല.

2018-19 സാമ്പത്തികവർഷം പട്ടികജാതി വികസനഓഫീസർ നടപ്പിലാക്കിയ 68/18-19 നം. പദ്ധതി പ്രകാരം പഠനമുറി നിർമ്മാണത്തിനായി ശ്രീ.കെ.സി.ബൈജു, കുറ്റാരം കോളനി എന്ന വ്യക്തിക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. തുക നൽകിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1. ബിൽ നം. 7/18-19/17.01.19 -- 50,000

2. ബിൽ നം. 11/18-19/6.03.19 -- 50,000

3.ബിൽ നം. 23/18-19/26.03.19 -50,000

2019-20 സാമ്പത്തികവർഷം പ്രോജക്ട് നം.79/20 പ്രകാരം പ്രസ്തുത പദ്ധതിയുടെ സ്പിൽ ഓവർ പ്രോജക്ട് നടപ്പിലാക്കിയിരുന്നെങ്കിലും ടിയാൾ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ടി ഗുണഭോക്താവ് പഠനമുറി നിർമ്മാണം പൂർത്തിയാക്കാൻ തയ്യാറാകാത്ത പക്ഷം ടിയാൾക്ക് അനുവദിച്ച പദ്ധതിപ്പണം നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 പരമ്പരാഗത കയർ മേഖല- ചകിരി വാങ്ങുന്നതിന് ഒറ്റത്തവണ ധനസഹായം

പ്രോജക്ട് നം. - S0009/20

പ്രോജക്ടിന്റെ പേര് - പരമ്പരാഗത കയർ മേഖല- ചകിരി വാങ്ങുന്നതിന് ഒറ്റത്തവണ ധനസഹായം

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ

വകയിരുത്തൽ

വികസനഫണ്ട് -9,90,000

ഗുണഭോക്തൃവിഹിതം(നേരിട്ട് ചെലവഴിക്കുന്നത്) -9,90,000

ആകെ അടങ്കൽ - 19,80,000

കയർപിരി യൂണിറ്റുകൾക്ക് ചകിരി വിലയുടെ 50% പരമാവധി 30,000/-രൂപ ചകിരി വാങ്ങുന്നതിന് ഒറ്റത്തവണ ധനസഹായം നൽകുന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. 30,000/-രൂപ കൈപ്പറ്റിയ താഴെ ചേർക്കുന്ന കയർപിരി യൂണിറ്റുകൾ ചകിരി വാങ്ങിയതിന് ലഭ്യമാക്കിയ ബില്ലുകളിൽ അപാകതകൾ ഉള്ളതിന്റെ വിവരം കൊടുക്കുന്നു.

| ക്രമ നം. | കയർപിരി യൂണിറ്റിന്റെ പേര് | ചകിരി വാങ്ങിയ സ്ഥാപനത്തിന്റെ പേര് | ബിൽ നം./തീയതി | ബിൽ തുക | ട്രഷറി ബിൽ നം./ തീയതി/തുക |
|---|---|---|---|---|---|
| 1 | സൗഭാഗ്യ, കോടംതുരുത്ത് പഞ്ചായത്ത്, വാർഡ് 10 | കിച്ചു കയർ വർക്സ്, കളവംകോടം | 247/5.10.20 | 64,000 | ബിൽ നം.4/19-20/18.1.20 തുക 3,00,000/- |
| 2 | ആരാധന, വയലാർ പഞ്ചായത്ത്, വാർഡ് 3 | കിച്ചു കയർ വർക്സ്, കളവംകോടം | 250/25.09.19 | 64,000 | ബിൽ നം.4/19-20/18.1.20 തുക 3,00,000/- |
| 3 | ശ്രീമുരുക, പട്ടണക്കാട് പഞ്ചായത്ത്, വാർഡ് 1 | കിച്ചു കയർ വർക്സ്, കളവംകോടം | 251/4.12.19 | 64,000 | ബിൽ നം.3/19-20/18.1.20 തുക 2,10,000/- |

| | | | | | |
|---|---|---|---|---|---|
| 4 | ശ്രുതിലയം, പട്ടണക്കാട് പഞ്ചായത്ത് | കിച്ച കയർ വർക്ക്സ്, കളവംകോടം | 252/13.11.19 | 64,000 | ബിൽ നം.3/19-20/18.1.20 തുക 2,10,000/- |
| 5 | പുഞ്ചിരി, തുറവൂർ പഞ്ചായത്ത്, വാർഡ് 12 | കിച്ച കയർ വർക്ക്സ്, കളവംകോടം | 248/2.12.19 | 64,000 | ബിൽ നം.3/19-20/18.1.20 തുക 2,10,000/- |
| 6 | കൃപ, പട്ടണക്കാട് പഞ്ചായത്ത് | സജീവ് ഗിന്നിംഗ് മിൽ, നാഗംകുളങ്ങര ഫെറി | ഇല്ല/5.8.19 | 61,125 | ബിൽ നം.3/19-20/18.1.20 തുക 2,10,000/- |
| 7 | സ്നേഹ, ഒളതല, വാർഡ് 1 | സജീവ് ഗിന്നിംഗ് മിൽ, നാഗംകുളങ്ങര ഫെറി | 12/3.9.19 | 63,750 | ബിൽ നം.4/19-20/18.1.20 തുക 3,00,000/- |
| 8 | എവർഗ്രീൻ, വയലാർ പഞ്ചായത്ത്, വാർഡ് 4 | സജീവ് ഗിന്നിംഗ് മിൽ, നാഗംകുളങ്ങര ഫെറി | 12/4.9.19 | 63,750 | ബിൽ നം.4/19-20/18.1.20 തുക 3,00,000/- |

കിച്ച കയർ വർക്ക്സിൽ നിന്നും, സജീവ് ഗിന്നിംഗ് മില്ലിൽ നിന്നും ചകിരി വാങ്ങിയതിന്റെ ബിൽ നം., തീയതി പൊരുത്തപ്പെടുന്നില്ല. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.1/7.4.22)കയർപിരി യൂണിറ്റുകൾ ഹാജരാക്കിയ ബില്ലുകളിലെ തീയതികളിലെ പൊരുത്തക്കേട് ശ്രദ്ധയിൽപ്പെട്ടിരുന്നില്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. ധനസഹായം അനുവദിച്ച് നൽകുമ്പോൾ ബില്ലുകൾ കൃത്യമായി പരിശോധിച്ച് അതിന്റെ ആധികാരികത ഉറപ്പുവരുത്തി മാത്രം ചെലവ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന പഠിതാക്കൾക്കുള്ള സ്കോളർഷിപ്പ്- തുക പൂർണ്ണമായും വിനിയോഗിച്ചില്ല

2019-20 വർഷം വികസനഫണ്ടിൽ നിന്നും 23,00,000/-രൂപ വകയിരുത്തി ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ നിർവ്വഹണം ചെയ്ത പ്രോജക്ട് ആണ് ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന പഠിതാക്കൾക്കുള്ള സ്കോളർഷിപ്പ്(പ്രോജക്ട് നം. - S0034/20). വിവിധ പഞ്ചായത്തുകൾക്ക് നൽകിയ ധനസഹായത്തുകയിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് നൽകിയ തുക പൂർണ്ണമായും ചെലവഴിച്ചില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | നൽകിയ തുക | ബിൽ നം./തീയതി | ചെലവഴിച്ച തുക | ചെലവഴിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| തുറവൂർ ഗ്രാമ പഞ്ചായത്ത് | 3,50,000 | ബിൽ നം.1/19-20/ 17.8.19 | 2,83,660 | 66,340 |
| കുത്തിയതോട് ഗ്രാമ പഞ്ചായത്ത് | 1,87,500 | ബിൽ നം.4/19-20/ 24.8.19 | 1,87,420 | 80 |
| ആകെ | | | | 66,420 |

അപാകത ചുവടെ കൊടുക്കുന്നു.

7 ഗ്രാമ പഞ്ചായത്തുകൾക്ക് 22,87,500/-രൂപ അനുവദിച്ച് നൽകിയതിൽ, മേൽ പട്ടികയിലെ 66,420/- രൂപ ചെലവഴിച്ചതിന്റെ രേഖകളില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.4/11.4.22), വിനിയോഗിക്കാത്ത തുക തിരിച്ചടവാക്കുന്നതിനുള്ള നിർദ്ദേശം ഗ്രാമപഞ്ചായത്തുകൾക്ക് രേഖാമൂലം നൽകുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. വിനിയോഗിക്കാൻ അവശേഷിക്കുന്ന 66,420/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക തിരിച്ചടവാക്കി രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 പാടശേഖരങ്ങൾക്ക് പെട്ടി പറ ലഭ്യമാക്കൽ- ഗുണഭോക്തൃ വിഹിതം ചെലവഴിച്ച വിവരം സുലേഖ പ്ലാൻ എക്സ്പന്റീച്ചറിൽ ഉൾപ്പെട്ടിട്ടില്ല

പ്രോജക്ട് നം.7/2020

പാടശേഖരങ്ങൾക്ക് പെട്ടി പറ ലഭ്യമാക്കൽ

അടങ്കൽ-വികസന ഫണ്ട്- 8,21,904/-രൂപ

ഗുണഭോക്തൃ വിഹിതം- 41,096/-രൂപ

ചെലവ്- വികസന ഫണ്ട്- 8,21,904/-രൂപ (1. ബിൽ നം.1 തീ.14.08.2019- 4,10,952/-രൂ 2. ബിൽ നം.4 തീ.13.03.2020- 4,10,952/-രൂപ)

ഗുണഭോക്തൃ വിഹിതം- 20,548/-രൂപ (1.ചെക്ക് നം.27766820 തീ.24.02.2020)

ഈ പദ്ധതി പ്രകാരം തൻവർഷം പള്ളിത്തോട് പാടശേഖര നെല്ലുല്പാദക സമിതി, വെട്ടയ്ക്കൽ ബി ബ്ലോക്ക് പാടശേഖര നെല്ലുത്പാദക സമിതി എന്നീ രണ്ട് പാടശേഖര സമിതികൾക്ക് പെട്ടിയും പറയും വിതരണം ചെയ്തതിന്റെ വിലയായി 8,42,452/-രൂപ നല്കിയതായി കാണുന്നു. എന്നാൽ ഗുണഭോക്തൃ വിഹിതത്തിന്റെ ചെലവ് സംബന്ധിച്ച വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20-ലെ സുലേഖ പദ്ധതി ചെലവ് പത്രികയിൽ ഉൾപ്പെട്ടതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2 തീ.08.04.2022) പ്രസ്തുത ന്യൂനത പരിഹരിക്കുന്നതിനായി വിവരം ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്ന് കൃഷി അസിസ്റ്റന്റ് ഡയറക്ടർ മറുപടി നല്കി. ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കരാർ തുകയെ അടിസ്ഥാനപ്പെടുത്തി ഫൈൻ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് വകുപ്പ് മാനവൽ റിവൈസ്ഡ് എഡിഷൻ 2012- (Revised As Per G.O.(P)No.13/2012/PWD Dated 01.02.2012) സെക്ഷൻ 2112.1 പ്രകാരം കരാറുകാരന്റെ ഭാഗത്തുള്ള വീഴ്ച് മൂലം മരാമത്ത് പ്രവർത്തികൾ യഥാസമയം പൂർത്തീകരിക്കാനാവാതെ വരികയാണെങ്കിൽ ആദ്യ ദീർഘിപ്പിക്കലിന് കരാർ തുകയുടെ 1% പിഴ ചുമത്തിക്കൊണ്ടും പിന്നീട് വരുന്ന ദീർഘിപ്പിക്കലിന് കരാർ തുകയുടെ 2% പിഴ ചുമത്തിക്കൊണ്ടും കാലാവധി നീട്ടി കൊടുക്കാം" എന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ അനുവദിക്കപ്പെട്ട സമയത്തിനകം പ്രവർത്തി പൂർത്തികരിക്കാതിരുന്ന താഴെപ്പറയുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയത് കരാർ തുകയെ അടിസ്ഥാനപ്പെടുത്തിയല്ലായെന്ന് കാണുന്നു. തന്മൂലം ബ്ലോക്ക് പഞ്ചായത്തിന് 807/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | : 71/2020 |
| പ്രോജക്ടിന്റെ പേര് | : വയലാർ പഞ്ചായത്ത് വാർഡ്-3 മേക്കട ഈരേത്തുരുത്ത് പുതുവൽ നികർത്ത് മെറ്റലിംഗം ടാറിംഗം |
| നിർവ്വഹണം | : അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : പ്രവീണ രതീഷ് |
| പി.എ.സി | : 4,98,831/- രൂപ |
| ചെലവ് | : 4,91,415<br>(1.ട്രഷറി ബിൽ നം.6 തീ.29.05.2019-4,18,133/-രൂപ<br>2.ട്രഷറി ബിൽ നം.12 തീ.12.02.2020-73,282/-രൂപ) |
| എം.ബുക്ക് നം | : 11/18-19 |
| എഗ്രിമെന്റ് നം. | : 9/എ.ഇ/എൽ.എസ്.ജി.ഡി/പി.കെ.ഡി/18-19 തീ.17.10.2018 |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ (1%) | : 498831x1%= 4,988/-രൂപ |
| ഈടാക്കിയ ഫൈൻ | 4,181 |
| കുറവ് | 807 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണത്തിന് (നം.12 തീ.19.04.2022) മറുപടി ലഭ്യമാക്കിയില്ല. നഷ്ടമായ തുക

കരാറുകാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തുക കരാറുകാരിൽ നിന്നും ഈടാക്കാൻ കഴിയാത്ത പക്ഷം ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 പത്ര പരസ്യങ്ങൾ -ട്രേഡ് ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ട്രേഡ് ഡിസ്കൗണ്ട് അനുവദിക്കണം. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ചു കൊണ്ടുള്ള 08.12.2015-ലെ ജി.ഒ(പി)നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിലും സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2019-20 വർഷത്തെ ജനറൽ പർപ്പസ് ഫണ്ട് വൗച്ചർ പരിശോധിച്ചതിൽ വിവിധ ദിനപ്പത്രങ്ങളിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ നല്കിയ തുകകളിൽ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പത്രസ്ഥാപനം | സ്ഥാപനത്തിൽ നിന്നുള്ള ബിൽ നം./തീയതി | ബിൽ തുക | അർഹമായ ഡിസ്കൌണ്ട് (15%) | ചെക്ക് നം./ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| കേരളകൗമുദി | BLALP00064530/7.3.19 | 4579 | 687 | 276646/16.5.19 | - |
| കേരളകൗമുദി | BLALP00064531/7.3.19 | 4579 | 687 | 276646/16.5.19 | - |
| കേരളകൗമുദി | BLALP00064246/2.2.19 | 6105 | 916 | 276640/13.5.19 | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, തുറവൂരിന് നൽകിയ തുക |
| കേരളകൗമുദി | BLALP00065775/9.7.19 | 4779 | 717 | 2766834/14.10.19 | - |
| കേരളകൗമുദി | BLALP00065721/3.7.19 | 4779 | 717 | 2766834/14.10.19 | - |
| കേരളകൗമുദി | BLALP00065528/19.6.19 | 4779 | 717 | 2766834/14.10.19 | - |
| കേരളകൗമുദി | BLALP00066593/20.9.19 | 4779 | 717 | 2766834/14.10.19 | - |
| കേരളകൗമുദി | BLALP00066228/15.8.19 | 4779 | 717 | 2766869/29.12.19 | - |
| | ആകെ | | 5,875/-രൂപ | | |

അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം 5,875/-രൂപയുടെ അധികചെലവ് ഉണ്ടായതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(7/16.4.22), അധികം നൽകിയ തുക തിരികെ ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.5,875/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-3 ബാരൽ വില ഈടാക്കിയില്ല

2019-20 സാമ്പത്തിക വർഷം പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഫൈനൽ ബിൽ നല്കിയ താഴെപ്പറയുന്ന മരാമത്ത് വേലയിൽ നിന്നും ബാരൽ വില കുറവ് ചെയ്തതായി കാണുന്നില്ല. എസ്റ്റിമേറ്റിൽ ടാർ ഉപയോഗിച്ച ഇനങ്ങൾക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്കാണ് നല്കിയിരിക്കുന്നത്. കൂടാതെ കോൺട്രാക്ടർ ഹാജരാക്കിയ ടാർബില്ലും ഇത് ശരിവെക്കുന്നു. 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് സെക്ഷൻ.II റേറ്റ് ഓഫ് മെറ്റീരിയൽ ക്രമ നം. 600 പ്രകാരം Empty Steel Drum Of 450mm Dia 1.2m High-ന്റെ വില 238/- രൂപയാണെന്ന് കാണുന്നു. പ്രവർത്തിക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്ക് നല്കിയതിനാൽ ഉപയോഗിച്ച ടാറിന്റെ ബാരൽ വിലയിനത്തിൽ ബാരലൊന്നിന് 238/-രൂപയും 18% ജി.എസ്.ടിയും ഉൾപ്പെടെ ആകെ 281/-രൂപ ഈടാക്കേണ്ടതായിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നം./പേര് | കോൺട്രാക്ടറുടെ പേര് | ഈടാക്കേണ്ടിയിരുന്ന തുക | ചെലവ് ട്രഷറി ബിൽ നം. /തീയതി/ തുക |
|---|---|---|---|

| | | | |
|---|---|---|---|
| 71/2020 വയലാർ പഞ്ചായത്ത് വാർഡ്-3 മേക്കട ഈരേത്തുരുത്ത് പുതുവൽ നികർത്ത് മെറ്റലിംഗും ടാറിംഗും | പ്രവീണ രതീഷ് | 2,529/-രൂപ (9ബാരൽx281) | 4,91,415<br>(1.ട്രഷറി ബിൽ നം.6 തീ.29.05.2020- 4,18,133/-രൂപ<br>2.ട്രഷറി ബിൽ നം.12 തീ.12.02.2020- 73,282/-രൂപ) |

മേൽ പ്രവർത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കാതിരുന്നതു മൂലം 2,529/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13 തീ.19.04.2022)മറുപടി ലഭ്യമാക്കിയില്ല. ടി തുക കരാറുകാരിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | പട്ടണക്കാട് പഞ്ചായത്ത് വാർഡ്-8 ഹരിജൻ കോളനിയിൽ ഇലക്ട്രിക്കൽ ലൈൻ മാറ്റി സ്ഥാപിക്കൽ. | 1906056300/ 9201124286 | 2,20,572 | 2,20,572 | 0 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

### 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക: മുതൽ | പലിശ | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| EMS ഭവന പദ്ധതി | സ.ഉ.(എം.എസ്)നം.310/2008 ത.സ്വ.ഭ.വ 22.11.2008 | 3,07,100 | 0 | - | | 0 | |

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2005-06 | 3-7 | 2007-2008 | 31 | പട്ടിക വർഗ്ഗ കോളനി മണ്ണിട്ടുയർത്തൽ. | ഒഴിവാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പ്രമേയം പാസ്സാക്കി സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,89,66,420 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 6,34,25,453 |
| വരവിനങ്ങളിലുള്ള നഷ്ടം | | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | | 9,211/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | | 18,68,232/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 1-7 | | 5,875/- | സലില എസ്., സെക്രട്ടറി(3,007/-)<br>അജയകുമാർ എസ്., സെക്രട്ടറി(2,868/-) |
| 1-8 | | 2,529/- | അഞ്ജു ജോർജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-11 | | 807/- | അഞ്ജു ജോർജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 9,211/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 13,72,396 | സലില എസ്., സെക്രട്ടറി |
| 1-12 | 3,96,000 | സലില എസ്., സെക്രട്ടറി(2,55,000/-)<br>മോനിഷ് വി.ആർ., സെക്രട്ടറി(1,11,000/-) |
| 1-13 | 33,416 | ഡോ.റൂബി, മെഡിക്കൽ ഓഫീസർ |
| 1-16 | 66,420 | ഡോ.ശിൽപ യു.ജെ., സി.ഡി.പി.ഓ |
| ആകെ | 18,68,232 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അഞ്ജു ജോർജ്ജ് അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മാരാരിക്കുളം തെക്ക്പഞ്ചായത്ത് | ചൈത്രം, ചെല്ലിക്കണ്ടത്തിൽ, മുഹമ്മ, ചേർത്തല |
| ഡോ.ആർ.റൂബി മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, തുറവൂർ താലൂക്കാശുപത്രി | കൃഷ്ണഗായത്രി, സി.എം.സി.30, ചേർത്തല |
| ഡോ.ശിൽപ്പ, സി.ഡി.പി.ഓ. | സി.ഡി.പി.ഓ, പട്ടണക്കാട് ബ്ലോക്ക്പഞ്ചായത്ത് | ലിഷാലയം, എഴുപുന്ന തെക്ക് പി.ഒ., ചേർത്തല |
| അജയകുമാർ എസ്., സെക്രട്ടറി | വിരമിച്ചു | ലക്ഷ്മി നിവാസ്, കൊല്ലം പി.ഒ., കൊല്ലം |
| സലില എസ്., സെക്രട്ടറി | ഡി.ഡബ്ലിയു.ഡബ്ലിയു., കളക്ട്രേറ്റ്, ആലപ്പുഴ | ചിറയിൽ ഹൗസ്, കടക്കരപ്പള്ളി പി.ഒ., ചേർത്തല |
| മോനിഷ് വി.ആർ., സെക്രട്ടറി | സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, കെ.പി.എസ്.സി., തിരുവനന്തപുരം | ഗിരിഭവൻ, പാരിപ്പള്ളി പി.ഒ., കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-1998 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി : 18.03.2014 |
| 2002-2003 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി : 21.03.2014 |
| 2003-2004 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി : 21.03.2014 |
| 2005-2006 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി : 21.03.2014 |
| 2006-2007 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി : 21.03.2014 |
| 2010-2011, 2011-2012 | എൽ.എഫ്.എ.ബി.പി-533/13/19.10.2013 |
| 2012-2013 | എൽ.എഫ്.എ.ബി.പി-246/15/4.03.15/9.04.2015 |
| 2013-2014 | കെ.എസ്.എ-എ.പി.ബി.പി/1206/16 തീയതി : 03.04.2017 |
| 2014-15, 2015-16 | കെ.എസ്.എ-എ.എൽ.പി.ബി.പി/1167/2016 തീയതി : 26.12.2016 |
| 2016-2017 | കെ.എസ്.എ-എ.എൽ.പി.ബി.പി./1372/2017 തീയതി : 08.11.2017 |
| 2017-2018 | കെ.എസ്.എ-എ.എൽ.പി.ബി.പി./1469/2018 തീയതി : 06.10.2018 |
| 2018-2019 | കെ.എസ്.എ-എ.എൽ.പി.ബി.പി./872/2019 തീയതി : 09.10.2019 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്